# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/18/2017 പത്രക്കുറിപ്പ് 2017 ജനുവരി 24

**പ്രാക്ടിക്കൽപരീക്ഷ**

2016 നവംബർ/ഡിസംബർ മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി കംപ്യൂട്ടർ സയൻസ് സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 30 മുതൽ അതത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2015 ഒക്ടോബറിൽ നടത്തിയ എം.എ ഇംഗ്ലീഷ് (പ്രീവിയസ്/ഫൈനൽ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 8 വരെ സ്വീകരിക്കും.

**നേച്ചർ ക്യാമ്പ് സംഘടിപ്പിക്കുന്നു.**

എം.ജി യൂണിവേഴ്സിറ്റി യൂണിയന്റെ നേതൃത്വത്തിൽ ജനുവരി 27,28,29 തീയതികളിൽ ഇടമലയാർ ഐ.ബി യിൽ വച്ച് നേച്ചർ ക്യാമ്പ് സംഘടിപ്പിക്കുന്നു. യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ 26-ാം തീയതി ഉച്ചയ്ക്കു 2 മണിക്കു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ : 9496502415, 9747336596.

**എം.ജി.യു കലോത്സവം : ലോഗോ ക്ഷണിക്കുന്നു.**

കോഴഞ്ചേരിയിൽ വച്ച് നടക്കുന്ന എം.ജി യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിന് പേരും ലോഗോയും ക്ഷണിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ജനുവരി 27 വൈകീട്ട് 4 മണിക്ക് മുൻപായി **'mguniversityunion2015@gmail.com'** എന്ന മെയിൽ അഡ്രസ്സിൽ അയക്കേണ്ടതാണ്.

**എം.ജി.യു നാനോസയൻസ് സെന്ററിന്റെ പുതിയ ഗവേഷണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം :**

ഡോ : നന്ദകുമാർ കളരിക്കലിന്റെ "ഡിസൈൻ ആന്റ് അപ്ലിക്കേഷൻസ് ഓഫ് മാഗ്നറ്റിക്കലി റെസ്പോൺസീവ് സെൽഫ് അസംബിൾഡ് പോളിമർ നാനോ കോമ്പോസിറ്റ്സ്" പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ അംഗീകാരം ലഭിച്ചു. മിനിസ്ട്രി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ നാനോമിഷൻ വിംഗിന്റെ കീഴിലുള്ള പ്രസ്തുത പ്രോജക്ടിന് **Rs -** 2,23,45,200/- (രണ്ടു കോടി ഇരുപത്തി മൂന്നു ലക്ഷത്തി നാൽപത്തി അയ്യായിരത്തി

ഇരുനൂറ്) രൂപയാണ് ഈ ഗവേഷണ പദ്ധതിയുടെ അടങ്കൽ തുക.  മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നാനോസയൻസ് സെന്ററിന്റെ പ്രവർത്തന മികവിന്റെ അംഗീകാരമാണ് ഈ ഗവേഷണ പദ്ധതി.

അലൂമിനി ഡോ : സാബുതോമസിനെ ആദരിച്ചു

പ്രൊഫ സാബുതോമസ് എം.ജി യൂനിവേഴ്സിറ്റിയുടെ നേട്ടങ്ങളിൽ മുഖ്യ പങ്കുവഹിച്ചുവെന്ന് വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ.  സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ വച്ച് നടന്ന റിസേർച്ച് ഗ്രൂപ്പിന്റെ അലൂമിന വാർഷിക യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.  പ്രൊഫ : കുരുവിള ജോസഫ്, ഡോ : അനിൽകുമാർ, ഡോ : അബി എപ്രേം, ഡോ നന്ദകുമാർ കളരിക്കൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)